**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1113** **01.07.2015 ൽ മറുപടിയ്ക്ക്**

## വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ | ഉത്തരം<br>ശ്രീ.പി.കെ..അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
|---|---|
| (എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രതി വർഷം സ്കൂൾ തലത്തിൽ അർഹമായ വിദ്യാഭ്യാസാനുകൂല്യങ്ങളെ സംബന്ധിച്ച വിശദവിവരം നൽകാമോ; | (എ) എസ്.സി/എസ്.ടി പെൺകുട്ടികൾക്കുള്ള ഇൻസെന്റീവ് സ്കോളർഷിപ്പ് മാത്രമാണ് പൊതു വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്നത്. ടി സ്കോളർഷിപ്പിന് ഗവൺമെന്റ്/എയ്ഡഡ് സ്കൂളിൽ 9 -ാം ക്ലാസ്സിൽ പഠിക്കുന്ന 16 വയസ്സ് പൂർത്തിയാകാത്തവരും വിവാഹിതരല്ലാത്തവരുമായ എല്ലാ എസ്.സി/എസ്.ടി പെൺകുട്ടികൾക്കും അർഹത ഉണ്ട്. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയമാണ് ടി സ്കോളർഷിപ്പ് നൽകി വരുന്നത്. അർഹരായവരുടെ ലിസ്റ്റ് മാനവ വിഭവശേഷി മന്ത്രാലയത്തിന് അയച്ചു കൊടുക്കുകയും അർഹരാകുന്ന കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് 3000/- രൂപ നിക്ഷേപിക്കുകയും ചെയ്യുന്നു. തുടർന്ന് എസ്.എസ്.എൽ.സി പാസാവുകയും 18 വയസ്സ് പൂർത്തിയാവുകയും ചെയ്യുന്ന മുറയ്ക്ക് 3000/- രൂപയും അതുവരെ യുള്ള ഇൻസന്റീവും ചേർന്ന തുക കുട്ടികൾക്ക് ലഭിക്കുകയും ചെയ്യുന്നു. |
| (ബി) ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അർഹമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) ന്യൂനപക്ഷ ക്ഷേമത്തിനായി പ്രധാനമന്ത്രിയുടെ 15 ഇന പരിപാടിയിലുൾപ്പെടുത്തിയ ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് എന്ന സെൻട്രൽ സെക്ടർ സ്കീം പ്രകാരം, മുസ്ലിം, ക്രിസ്ത്യൻ, സിഖ്, ബുദ്ധിസ്റ്റ്, പാഴ്സി, ജൈൻ എന്നീ വിഭാഗങ്ങളിലെ ഒന്നു മുതൽ പത്ത് വരെ ക്ലാസ്സുകളിലെ സമർത്ഥരും ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിൽ നിന്നുള്ളവരുമായ കുട്ടികൾക്ക് പ്രതിവർഷം 1000/- രൂപ നിരക്കിൽ ആനുകൂല്യം അനുവദിക്കുന്നു. |

സെക്ഷൻ ഓഫീസർ